പ്രൊമോഷൻ നൽകാൻ വേണ്ടിയുള്ള സ്യൂട്ടബിലിറ്റി ടെസ്റ്റ്"

* 638 (695) ശ്രീ. സി. എ. കുര്യൻ:

,, എം. കെ. കേശവൻ;

,, എ. എൻ. യൂസഫ്:

,, വി. കെ. രാജൻ:

,,കെ. ടി. കുമാരൻ

,, പി. ശങ്കർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ്, പബ്ലിക് സർവ്വീസ് കമ്മിഷൻ, എന്നീ ഓഫീസുകളിൽ സെക്ഷൻ ഓഫീസർമാരായി പ്രമോഷൻ നൽകാൻ കേരളാ പബ്ലിക്ക് സർവ്വീസ് കമ്മിഷൻ നടത്തിവരാറുള്ള സ്യൂട്ടബിലിറ്റി ടെസ്റ്റ് ഏറ്റവും ഒടുവിൽ നടത്തിയത് ഏതുവർഷമാണ്;

(ബി) ഒരു വർഷത്തിൽ എത്ര പ്രാവശ്യം ടെസ്റ്റ് നടത്താറുണ്ട്; ഓരോ വർഷവും രണ്ടു ടെസ്റ്റു വീതം നടത്തണമെന്നുള്ളത് പ്രാവർത്തികമാക്കാത്തത് എന്തുകൊണ്ടാണ്?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) 1978-ൽ

(ബി) വർഷത്തിൽ രണ്ടു ടെസ്റ്റു വീതമാണു നടത്തേണ്ടത്. പക്ഷേ കഴിഞ്ഞവർഷം രണ്ടാമതു ടെസ്റ്റുനടത്തുന്നതിന് 10-10-1978-ൽ പബ്ലിക് സർവ്വീസ് കമ്മിഷൻ വിജ്ഞാപനം പുറപ്പെടുവിച്ചെങ്കിലും നിയമവകുപ്പ് ലെ ടൈപ്പിസ്റ്റ്, സ്റ്റെനോഗ്രാഫർ, ഓഫീസ് സ്സ്റ്റാഫ് എന്നിവർക്ക് സ്യൂട്ടബിലിറ്റി ടെസ്റ്റ് പാസാകുന്നതിന്റെ അടിസ്ഥാനത്തിൽ സെക്ഷൻ ഓഫീസർ മാരായി പ്രമോഷൻ നൽകുന്നതിന് ഗവൺമെന്റ് ഉത്തരവു പുറപ്പെടുവിച്ചതിനാൽ അവരിൽ നിന്നും പ്രസ്തുത ടെസ്റ്റിനു അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള ഒരു വിജ്ഞാപനം 20-2-1979-ൽ പുറപ്പെടുവിക്കുകയും മേൽപ്പറഞ്ഞ രണ്ടു വിജ്ഞാപനങ്ങളുമനുസരിച്ചുള്ള അപേക്ഷകർക്ക് പൊതുവായ ഒരു പരീക്ഷ നടത്തുവാൻ കമ്മിഷൻ തീരുമാനിക്കുകയും ചെയ്തതുകൊണ്ടാണ് കാലതാമസമുണ്ടായത്.

ശ്രീ. സി. എ. കുര്യൻ: സെക്രട്ടേറിയറ്റ് മാനുവൽ, അക്കൗണ്ട് ടെസ്റ്റ് എന്നിവ പാസാകുന്ന ടൈപ്പിസ്റ്റുകൾ ക്ക് (നോൺ-ഗസ്റ്റഡ്) വീണ്ടുമൊരു സ്യൂട്ടബിലിറ്റി ടെസ്റ്റ് നടത്തുന്നതു ശരിയല്ലെന്നുള്ള അടിസ്ഥാനത്തിൽ ഈ ടെസ്റ്റ് ഉപേക്ഷിക്കാൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. വാസുദേവൻ നായർ: അങ്ങനെ ഒരു ടെസ്റ്റ് ഇപ്പോഴുള്ളത് ഉപേക്ഷിക്കാൻ നിവൃത്തിയില്ല.

ശ്രീ. എം. കെ. കേശവൻ: ടൈപ്പിസ്റ്റുകളും സ്റ്റെനോഗ്രാഫർമാരും ഗ്രാഡ്വേറ്റുകളാണെങ്കിൽ അവരെ ഈ ടെസ്റ്റിൽനിന്നും ഒഴിവാക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അതെല്ലാം ആലോചിച്ചിട്ടാണ് ഈ ടെസ്റ്റ് വേണ്ടെന്നു തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. എം. കെ. കേശവൻ: നോൺഗ്രാഡ്വേറ്റുകളായ അസിസ്റ്റന്റുമാർക്ക് ഈ ടെസ്റ്റ് ആവശ്യമില്ലെന്നുള്ള പരിഗണന ഇവർക്കുംകൂടി ബാധകമാക്കുമോ?

ശ്രീ. പി. കെ വാസുദേവൻ നായർ: ആ കാര്യത്തെപ്പറ്റി ഇപ്പോഴും ഒരുറപ്പും പറയാൻ സാധ്യമല്ല.

ശ്രീ. പി. ശങ്കർ: സ്യൂട്ടബിലിറ്റി ടെസ്റ്റ് നടത്തിക്കഴിഞ്ഞശേഷമാണ് അവരെ ട്രെയിനിംഗിനയയ്ക്കുന്നത്. ട്രെയിനിംഗിനുശേഷം ഡിപ്പാർട്ടുമെന്റൽ ടെസ്റ്റ് ഉണ്ട്. ഇതു രണ്ടുമുള്ള നിലയ്ക്ക് പബ്ലിക് സർവ്വീസ് കമ്മിഷന്റെ ഈ ആവശ്യമില്ലാത്ത ടെസ്റ്റ് നിറുത്തലാക്കുന്നത് അവരുടെ പ്രവൃത്തി ചുരുക്കാനെങ്കിലും സഹായകമാകുകയില്ലേ?

ശ്രീ. പി. കെ. വാസുദേവൻ നായർ: എല്ലാകാര്യങ്ങളും ആലോചിച്ചശേഷം പബ്ലിക് സർവ്വീസ് കമ്മിഷന്റെകൂടെ അഭിപ്രായം പരിഗണിച്ചശേഷമാണ് സ്യൂട്ടബിലിറ്റി ടെസ്റ്റ് വേണ്ടെന്നു തീരുമാനിച്ചത്. ന്യായീകരണമുണ്ടെന്നു കണ്ടതുകൊണ്ടാണ് നടത്താൻ തീരുമാനിച്ചത്; മാറ്റേണ്ട ആവശ്യമില്ല.

ശ്രീ. ഇ. പി ഗോപാലൻ: സെക്രട്ടേറിയറ്റിലും പബ്ലിക് സർവ്വീസ് കമ്മിഷൻ ഓഫീസിലും മാത്രം ഈ സ്യൂട്ടബിലിറ്റി ടെസ്റ്റ് വെക്കാൻ പ്രത്യേക കാരണമുണ്ടോ? ഇവിടെ ഫലപ്രദമാണെന്നു കണ്ടാൽ മറ്റുള്ള സ്ഥലങ്ങളിലേക്കുകൂടി വ്യാപിപ്പിക്കുകയും ഫലപ്രദമല്ലെന്നു കണ്ടാൽ ഇവിടെ വെച്ചുതന്നെ അവസാനിപ്പിക്കുകയും ചെയ്യാൻ ഒരുക്കമാണോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഇവിടെ ഫലപ്രദമാണെന്നാണ് കണ്ടിട്ടുള്ളത്. മറ്റു സ്ഥലങ്ങളിലേക്കു വ്യാപിപ്പിക്കണമോ എന്ന കാര്യം ആലോചിച്ചിട്ടില്ല.

ശ്രീ. കെ. സി. വാമദേവൻ: ടെസ്റ്റുകളുടെയൊക്കെ പിന്നിൽ ശുപാർശകളും സ്വാധീനങ്ങളും വളരെയേറെ ഉണ്ടെന്ന പരാതി ലഭിച്ചിട്ടുണ്ടോ? എങ്കിൽ ഇവയൊന്നുമില്ലാതെ ഫുൾപ്രൂഫായി ടെസ്റ്റുകളും നടത്താനും അർഹരായവർക്ക് റാങ്ക് നൽകാനും ആവശ്യമായ സംവിധാനം ഏർപ്പെടുത്തുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ടെസ്റ്റുകളൊക്കെ സർക്കാർ സർവ്വീസ് ഉണ്ടായകാലംമുതൽ നിലവിലിരിക്കുന്നതാണ്. അതിനകത്തു കുഴപ്പങ്ങളുണ്ടാകുന്നുണ്ടോ എന്നുള്ളതു പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. കുഴിയുന്നത്ര നിഷ്പക്ഷമായും കാര്യക്ഷമമായും ടെസ്റ്റുകളും നടത്താനാണിപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കല്ലട നാരായണൻ: പട്ടികജാതിയിൽപ്പെട്ട വിഭാഗത്തിലെ ഉദ്യോഗസ്ഥന്മാരെ സ്യൂട്ടബിലിറ്റി ടെസ്റ്റിൽനിന്നും ഒഴിവാക്കാൻ നടപടിയെടുക്കാമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അവർക്കിപ്പോഴും കൂടുതൽ അവസരം കൊടുക്കുകയാണെന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർക്കും അറിയാമല്ലോ. അങ്ങനെയുള്ള സൗജന്യങ്ങളൊക്കെ ചെയ്യാൻ കഴിയുമെന്നുള്ളതല്ലാതെ ടെസ്റ്റിൽനിന്നും ഇനിയും ഒഴിവാക്കുക എന്നുള്ള നയം സ്വീകരിക്കാൻ കഴിയുമെന്നെനിക്കു തോന്നുന്നില്ല.

കോടതികൾ ഇല്ലാത്ത താലൂക്ക് ആസ്ഥാനങ്ങൾ

* 639 [696] ശ്രീ. എം. വി. മാണി:
,, പി. സി. ജോസഫ്:
ഡോ. ജോർജ് മാത്യു:

ശ്രീ. ഈപ്പൻ കണ്ടക്കുടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടതികൾ ഇല്ലാത്ത എത്ര താലൂക്ക് ആസ്ഥാനങ്ങൾ കേരളത്തിൽ ഉണ്ട്;

(ബി) ഒരു കോടതി സ്ഥാപിക്കുന്നതിന് കേസുകളുടെ എണ്ണം സംബന്ധിച്ച് നിബന്ധനകൾ വല്ലതുമുണ്ടോ;

(സി) ഉണ്ടെങ്കിൽ അവ എന്തെല്ലാം;

(ഡി) കോടതികൾ ഇല്ലാത്ത താലൂക്ക് ആസ്ഥാനങ്ങളിൽ കോടതി തുടങ്ങുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ആഭ്യന്തരവകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി):

(എ) രണ്ട്.

(ബി) പ്രത്യേക നിബന്ധനകൾ ഇല്ല. എന്നാൽ കേസുകളുടെ ബാഹുല്യം കൂടെ പരിഗണിച്ചാണു പുതിയകോടതികൾ സ്ഥാപിക്കുന്നത്.

(സി) ഉദിക്കുന്നില്ല.

(ഡി) ഹൈക്കോടതിയുടെ അഭിപ്രായമാരാഞ്ഞതിനുശേഷം പരിഗണിക്കാം.

ശ്രീ. എം. വി. മാണി: രണ്ടു സ്ഥലത്താണ് കോടതികളില്ലെന്നു പറഞ്ഞത്. അത് എവിടെയെല്ലാമാണ്? മിനിമം എത്ര കേസുകളുണ്ടെങ്കിൽ കോടതി സ്ഥാപിക്കുമെന്നുകൂടി വ്യക്തമാക്കുമോ?

ശ്രീ. കെ. എം. മാണി: കുട്ടനാടും കോതമംഗലത്തുമാണ് ഇപ്പോൾ കോടതികളില്ലാത്തത്. കേസുകളുടെ എണ്ണത്തെ അടിസ്ഥാനപ്പെടുത്തി മാത്രമല്ല കോടതികൾ സ്ഥാപിക്കുന്നത്. ഒരു പ്രദേശത്തുനിന്നും ഫയൽ ചെയ്യുന്ന കേസുകളുടെഎണ്ണം, ഒരു കോടതിയിൽനിന്നു മറ്റൊരു കോടതിയിലേക്കുള്ള ദൂരം, ബഹുജനങ്ങളുടെ സൗകര്യം ഇങ്ങനെയുള്ള പലമാനണ്ഡങ്ങളും കണക്കിലെടുത്താണ് കോടതികൾ സ്ഥാപിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly